# പരിസ്ഥിതി ദിനാചരണ റിപ്പോർട്ട്

ജി.എച്ച്.എസ്. ആതവനാട് പരിതി ഹൈസ്ക്കുളിൽ സ്ക്കുൾ ഗാർഡൻ നിർമ്മിച്ച് പരിസ്ഥിതി ദിനാചരണത്തിന് തുടക്കം കുറിച്ചു.പി.ടി.എ പ്രസിഡന്റ് ശ്രീ. ഷാഹുൽ ഹമ്മീദ് വൃക്ഷ തൈകൾ നട്ട് ഉദ്ഘാടനം നടത്തി. ഹെഡ്മാസ്റ്റർ ശ്രീ. കൃഷ്ണൻ എം. പി ചടങ്ങിന് അധ്യയക്ഷത വഹിച്ചു. എൽ.പി , യു.പി വിഭാഗങ്ങളിൽ പരിസ്ഥിതി ദിന പ്രധാന്യം, സന്ദേശം എന്നിവ ഉൾക്കൊള്ളുന്ന അസംബ്ലി, എൽ.പി വിഭാഗത്തിൽ പരിസര നടത്തം എന്നിവ സംഘടിപ്പിച്ചു. യു.പി വിഭാഗത്തിൽ ഒരു തൈ നടുന്ന വിവിധ ഘട്ടങ്ങൾ ഉൾക്കൊള്ളുന്ന റീൽ നിർമ്മാണം, പരിസ്ഥിതി പ്രധാന്യം ഉൾക്കൊള്ളുന്ന കൊറിയൊഗ്രാഫി എന്നിവയും എൽ.പി , യു.പി , ഹൈസ്ക്കൂൾ വിഭാഗങ്ങളിൽ പരിസ്ഥിതി ദിന ക്വിസ്, എൽ.പി , ഹൈസ്ക്കുൾ വിഭാഗങ്ങളിൽ പോസ്റ്റർ രചന, പോസ്റ്റർ പ്രദർശനം എന്നിവയും സംഘടിപ്പിച്ചു. അയ്യപ്പനോവ് സന്ദർശിച്ച് അവിടെ ടൂറിസം സാധ്യത പഠിക്കാൻ കുട്ടികൾക്ക് അവസരമൊരുക്കിയതും യു.പി, ഹൈസ്ക്കുൾ വിഭാഗങ്ങളിൽ പ്ലാസ്റ്റിക് ബോട്ടിൽ ഉപയോഗിച്ചുള്ള കരകൗശലം നിർമ്മാണത്തിന് തുടക്കം കുറിക്കലും  എൽ.പി വിഭാഗത്തിൽ വീട്ടിൽ ഒരു വൃക്ഷ തൈ നടലും സ്ക്കുളിന്റെ മികവാർന്ന പ്രവർത്തനങ്ങളായി മാറി.























